**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4355** **06-03-2023 - ൽ മറുപടിയ്ക്ക്**

**കയറ്റുമതി മേഖലയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയറ്റുമതി മേഖലയുടെ സമഗ്രവികസനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വാണിജ്യ മേഖലക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സര ക്ഷമത ഉറപ്പാക്കുന്നതിനും കയറ്റുമതി മേഖലയുടെ സമഗ്രവികസനത്തിനുമായി ചുവടെപറയുന്ന വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>**വാണിജ്യ മിഷൻ**<br><br>കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ പുനസംഘടിപ്പിച്ച് പ്രവർത്തനം തുടർന്നുവരുന്നു.<br><br>**ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ**<br><br>കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്തുവാനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ "വ്യാപാർ 2022" സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നീ മേഖലകളിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിച്ചു. വരും വർഷങ്ങളിലും കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ടി ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികമായ പുരോഗതി കൈവരിക്കുന്നതിനുമായി ദേശീയ അന്തർ ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ മുഖേന പങ്കെടുപ്പിച്ചു വരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു.<br><br>സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ കയറ്റുമതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല - കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, തിരുവനന്തപുരം.<br><br>2) കാർഷിക ഭക്ഷ്യ സംസ്ക്കരണത്തിനായിട്ടുള്ള പ്രത്യേക സാമ്പത്തിക മേഖല . കിൻഫ്ര ഫുഡ് പ്രോസസ്സിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.<br><br>3) ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല - കിൻഫ്ര ഹൈടെക് പാർക്ക്, എറണാകുളം.<br><br>കയറ്റുമതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പുതിയ കയറ്റുമതി നയം രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്. കയറ്റുമതി മേഖലയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ എക്സ് ഒഫിഷ്യോ എക്സ്പോർട്ട് കമ്മീഷണറായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ